**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **27-07-2021 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ 228 അങ്കണവാടികളിൽ 22 അങ്കണവാടികൾക്ക് പുതിയ കെട്ടിടവും 124 അങ്കണവാടി കെട്ടിടങ്ങൾക്ക് നവീകരണവും 80അങ്കണവാടി കെട്ടിടങ്ങളിൽ കുടിവെള്ളവും, 18 അങ്കണവാടി കെട്ടിടങ്ങൾക്ക് വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. 38 അങ്കണവാടികൾ ചുമർ ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി നവീകരണത്തിന് പദ്ധതി വിഹിതം ചെലവഴിച്ചു. പഴക്കം മൂലം ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ പൊളിച്ചു പുതുക്കി പണിതു. |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്;വിശദാംശം ലഭ്യമാക്കുമോ; | (ബി) | മങ്കട നിയോജക മണ്ഡലത്തിലെ 22 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ല. ഇതിൽ 13 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയില്ല. സ്വന്തമായി ഭൂമിയുള്ള 9 അങ്കണവാടികളിൽ 5 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമായിട്ടുണ്ട്. |
| (സി) | മങ്കട നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് അടിസ്ഥാനസൗകര്യത്തിന് അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | മങ്കട നിയോജക മണ്ഡലത്തിൽ ചുറ്റുമതിൽ ഇല്ലാത്ത 39 അങ്കണവാടികളും കുടിവെള്ള സൗകര്യമില്ലാത്ത 33 അങ്കണവാടികളും വൈദ്യുതീകരിക്കാത്ത 9 അങ്കണവാടികളുമാണുള്ളത്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ